# 46

# മദ്ധ്യാ-കാശ പ്രസംഗപീഠം
## (വെളിപ്പാട് 14:6-13)

വർഷങ്ങളായി വിവിധ സ്ഥലങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്: സഭാമന്ദിരങ്ങളിൽ, വീടുകളിൽ, ചന്ത സ്ഥലങ്ങളിൽ, ഒരു കളിക്കളത്തിൽ, നക്ഷത്രങ്ങൾക്ക് കീഴിൽ, ഒരു കപ്പലിനുള്ളിൽ, ഒക്കെ. പക്ഷെ, എങ്ങനെയായാലും, ഞാൻ ഒരിക്കലും വായുവിൽ പ്രസംഗിച്ചിട്ടില്ല. 14:6-13 ലെ ദർശനത്തിൽ, ദൈവത്തിൽനിന്നുള്ള പ്രത്യേക സന്ദേശവുമായി മൂന്നു ദുതന്മാർ ആകാശത്തിൽ പറക്കുന്നതാണ് യോഹന്നാൻ കണ്ടത്.

കുഞ്ഞാടിന്റെ ശത്രുക്കളെ പരിചയപ്പെടുത്തുന്നതിനും ഏഴ് ക്രോധകലശങ്ങൾ ഭൂമിയിലേക്ക് എറിയുന്നതിനുമിടക്ക് ദർശനത്തിലുണ്ടായ പ്രത്യേകതയായിരുന്നു ദൂതന്മാർ. അദ്ധ്യായം 14 ലെ മറ്റു ദർശനങ്ങളെ പോലെ, അഗ്നിപരീക്ഷ നേരിട്ടുകൊണ്ടിരുന്ന ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുക എന്ന ലക്ഷ്യമായിരുന്നു ദുതന്മാർക്കുണ്ടായിരുന്നത്.[1]

ഞാൻ പ്രസംഗിക്കുമ്പോൾ ആളുകൾ മയങ്ങിപോയിട്ടുണ്ട്. പക്ഷെ മദ്ധ്യാ-കാശ പ്രസംഗം[2] നടക്കുമ്പോൾ ആരും ഉറങ്ങരുത് എന്ന അപേക്ഷയാണ് എനിക്ക് ഉള്ളത്.

### സുവാർത്ത (14:6, 7)

നമ്മുടെ വേദഭാഗം തുടങ്ങുന്നു, "വേറൊരു ദൂതൻ ആകാശ-മദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു" (വാ. 6). 8:13 ലെ കഴുകിനെ പോലെ, എല്ലാവരും അവനെ കാണേണ്ടതിന് ദൂതൻ ആകാശ-മദ്ധ്യേ പറക്കുകയായിരുന്നു. "വേറൊരു" എന്നതിന് പ്രത്യേക പ്രാധാന്യമില്ല;[3] ഇത് ദൈവത്തിന്റെ സന്ദേശവാഹകരെ സേവനത്തിനു വിളിച്ചതാണ്.

ദൂതന്റെ കയ്യിൽ "പ്രസംഗിക്കുവാൻ ഒരു[4] നിത്യ സുവിശേഷമുണ്ടായിരുന്നു" (വാ. 6).[5] വെളിപ്പാടിൽ ഇവിടെ മാത്രമാണ് "സുവിശേഷം" എന്ന വാക്ക് കാണുന്നത്.[6] പുതിയ നിയമത്തിൽ മറ്റു ഭാഗങ്ങളിൽ കാണുന്ന സുവിശേഷം എന്ന വാക്കിൽനിന്നു വ്യത്യസ്തമായാണ് ഇവിടെയുള്ള സുവിശേഷത്തെ ചിലർ കാണുന്നത്, പക്ഷെ അത് മറ്റൊന്നായി കാണുവാൻ കാരണം ഒന്നും കാണുന്നില്ല.[7] മയർ പേൾമാൻ പറഞ്ഞു, "ഒരേ ഒരു [സുവിശേഷം] മാത്രമാണ് ഉള്ളത്."[8] ജെ. ഡബ്ലിയു. റോബർട്ട്സ് എഴുതി,

> [വെളിപ്പാട് 14 ലെ] നിത്യസുവിശേഷം, പുതിയ ഒരു സുവിശേഷമോ അല്ലെങ്കിൽ അന്ത്യ-നാളിലെ സുവിശേഷമോ അല്ല.[9] ക്രിസ്തുവിന്റെ മരണവും ഉയർപ്പുമാകുന്ന അതേ സുവിശേഷം തന്നെയാണ് അത് (1 കൊരി 15:1-4), അതാണ് നൂറ്റിനാൽപത്തി-നാലായിരം പേർക്ക് ലഭിച്ചത്, അതു തന്നെയാണ് സകല മനുഷ്യരോടും പ്രസംഗിക്കേണ്ടതും (ലൂക്കൊസ് 24:47).[10]

സുവിശേഷത്തെ ''നിത്യ'' മെന്ന് വിളിക്കുവാൻ കാരണം, അത് ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ പെട്ടതാകുന്നു (എഫെസ്യർ 3:8–11). “ദൈവത്തിന്റെ സുവിശേഷം ഒരു വീണ്ടുവിചാരഫലമായുണ്ടായതല്ല, നീണ്ട ചരിത്രത്തിൽ പിന്നീട് എഴുതിച്ചേർത്തതുമല്ല.”[11]

“ഭൂമിയിൽ ജീവിച്ചിരിക്കുന്ന” (വാ. 6) ലോകത്തിൽ കണ്ണും നട്ടിരിക്കുന്നവർക്കായിരുന്നു ദൂതന്റെ സുവാർത്താ സന്ദേശം. അവർ കഴിഞ്ഞ കാലത്തെ ദൈവത്തിന്റെ സ്നേഹത്തെ ത്യജിച്ചവരാണ്, എന്നാൽ കർത്താവ് അവർക്ക് അവസരം നീട്ടിക്കൊടുക്കുന്നു. അങ്ങനെ ചെയ്യുന്നതിനാൽ, ദൈവം അവരോട് മുഖപക്ഷം കാണിക്കുകയല്ല. ദൂതന്റെ വാക്കുകൾ “സകല ഭാഷക്കാർക്കും ഗോത്രക്കാർക്കും വംശക്കാർക്കും ജാതിക്കാർക്കും” ആയിരുന്നു (വാ. 6).[12]

“ഉറച്ച ശബ്ദത്തിൽ”[13] ദൂതൻ ആദ്യം ഭൂവാസികളോട് കൽപിച്ചു, “ദൈവത്തെ ഭയപ്പെട്ട് അവന്നു മഹത്വം കൊടുപ്പിൻ” (വാ. 7). ജ്ഞാനിയായിരുന്ന മനുഷ്യൻ പറഞ്ഞു, “എല്ലാറ്റിന്റേയും സാരം ... ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിക്കുന്നതാകുന്നു ...” (സഭാപ്രസംഗി 12:13). കൈസറിനെ ഭയന്ന് അവനെ മഹത്വപ്പെടുത്തുന്നതിനു പകരം, ജനങ്ങൾ ദൈവത്തെ ഭയന്ന് അവന്ന് മഹത്വം കൊടുക്കണമായിരുന്നു.

സകല മനുഷ്യരും “ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ”[14] (വാ. 7). വൻ കാര്യങ്ങളെ ചെയ്തു എന്ന് പ്രശംസിക്കുന്നവന്റെ *പ്രതിമയെ* നമസ്ക്കരിക്കുന്നതിനു പകരം വാസ്തവത്തിൽ വൻകാര്യങ്ങൾ ചെയ്ത ദൈവത്തെ*യാണ്* നമസ്ക്കരിക്കേണ്ടത്.

“ഒരു നിമിഷം ഒന്നു നിൽക്കണേ!” എന്ന് ആരെങ്കിലും ഇങ്ങനെ തടസം ഉന്നയിച്ചേക്കാം, “നിങ്ങൾ വാക്യം 7 ന്റെ മദ്ധ്യഭാഗം വിട്ടുപോയല്ലൊ: ദൈവത്തെ ഭയപ്പെട്ട് അവന്ന് മഹത്വം കൊടുപ്പിൻ എന്നു ദൂതൻ ‘ഭൂ-വാസികളോട്’ പറയുവാൻ കാരണം, ‘അവന്റെ *ന്യായവിധിയുടെ* നാഴിക[15] വന്നിരിക്കുന്നു’ [വാ. 7] ദൂതൻ സുവിശേഷമാണ് പ്രസംഗിച്ചതെന്ന് ആ വേദഭാഗം പറയുന്നു, പക്ഷെ ന്യായവിധിയെ കുറിച്ച് പറയുന്നതുകൊണ്ട് അത് സുവാർത്തയായി എനിക്ക് തോന്നുന്നില്ല!”

ചിലർ സുവിശേഷത്തെ തെറ്റിദ്ധരിച്ചിരിക്കുന്നു. അവർക്ക് അത് ക്രൂശിൽ ആരംഭിച്ച് ദൈവസ്നേഹത്തെ കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുന്നതാണ്. ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ് സുവിശേഷത്തിന്റെ സത്ത എന്നതു വാസ്തവമാണ് (1 കൊരിന്ത്യർ 15:1–4), എന്നാൽ സുവിശേഷത്തിൽ, ആ മനോഹരമായ “പഴയ സംഭവത്തേക്കാളധികം” അടങ്ങിയിരിക്കുന്നു. സുവിശേഷം എന്ന വാക്കിന്, ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയുണ്ട് (എബ്രായർ 4:12); അത് ദൈവസ്നേഹത്തെ കുറിച്ച് മാത്രമല്ല, ദൈവത്തിന്റെ നീതിയെ കുറിച്ചും സംസാരിക്കുന്നു. സുവിശേഷം തള്ളിക്കളയുന്നവർക്ക് അതിൽ വേദനിപ്പിക്കുന്ന വാർത്തയും അടങ്ങിയിരിക്കുന്നു, അനുസരിക്കാത്തവർക്ക്, അനന്തരഫലം വിപത്തായിരിക്കും.[16]

യേശു പറഞ്ഞു, ''ഞാൻ അങ്ങനെയുള്ളവൻ എന്ന് നിങ്ങൾ വിശ്വസിച്ചില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും” (യോഹന്നാൻ 8:24), “ഞാൻ പോകുന്നേടത്തേക്ക് നിങ്ങൾക്ക് വരുവാനും കഴിയുകയില്ല” (യോഹന്നാൻ 8:21). വീണ്ടും, അവൻ പറഞ്ഞു, “അല്ലല്ലാ, മാനസാന്തരപ്പെടാഞ്ഞാൽ, നിങ്ങളെല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും” (ലൂക്കൊസ് 13:3). മഹത്തായ ആജ്ഞ നൽകി അവൻ പറഞ്ഞു, “വിശ്വസിക്കുകയും

സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കൊസ് 16:16). സ്നേഹത്തെ കുറിച്ച് പ്രസംഗിച്ച അപ്പൊസ്തലനായിരുന്നു യോഹന്നാൻ, എന്നാൽ അവനും പഠിപ്പിച്ചത്, "പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു" (യോഹന്നാൻ 3:36).

തോമസ് ടൊറെയിൻ പറഞ്ഞു, "ക്രൂശിന്റെ നിഴൽ വശം ... എന്ന സുവിശേഷ ഭാഗം നാം മറന്നു പോകുവാനിടയുണ്ട് ..."[17] എച്ച്. എൽ. എലിസൺ എഴുതി, "ക്രൂശിനെ കുറിച്ചുള്ള പ്രസംഗത്തിൽ, ദൈവത്തിന്റെ പരമാധികാരത്തെ അവഗണിക്കുന്നത് എപ്പോഴും സുവിശേഷത്തിൽ കുറവു തന്നെയാണ്."[18]

എന്നിരുന്നാലും, ദൂതൻ സംസാരിച്ച "സുവിശേഷം," പല രീതിയിലും യോഗ്യമായതു തന്നെ. ദൂതന്റെ വാക്കുകൾ ഭൂ-വാസികൾക്ക് സുവാർത്ത തന്നെയായിരുന്നു, കാരണം അവർക്ക് ദൈവത്തിലേക്ക് തിരിയുവാൻ മറ്റൊരവസരം കൂടെ ലഭിച്ചിരിക്കുന്നു. അവ ക്രിസ്ത്യാനികൾക്കും സുവാർത്തയായിരുന്നു, കാരണം ദൈവത്തിന്റെ ഉദ്ദേശത്തെ തകർക്കുവാൻ, ആർക്കും കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. ഒരു എഴുത്തുകാരൻ അത് ഇങ്ങനെ പറഞ്ഞു:

> ദൈവത്തിന്റെ ഉദ്ദേശം ഈ ലോകത്തു പരാജയപ്പെടുകയില്ല എന്നറിയുന്നത് സുവാർത്തയാണ്; ദൈവത്തിന്റെ നീതി പാപികളുടെ കാൽക്കീഴിൽ അനിശ്ചിതമായി ചവിട്ടി മെതിക്കുവാൻ ദൈവം അനുവദിക്കുകയില്ല എന്നറിയുന്നതു സുവാർത്തയാണ്. പാപികൾ നശിപ്പിക്കപ്പെടുമെന്നതിൽ മാത്രമല്ല, നീതി ജയിക്കുമെന്നതിനാലും, നമുക്ക് സന്തോഷിക്കാം. ദൈവത്തിന്റെ കോപം, സ്നേഹത്തെ പോലെ തന്നെ വിശുദ്ധമാണെന്നും, ദൈവത്തെ എതിർക്കുന്നവർക്ക് അവനിൽനിന്നു ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല എന്ന് പാപികളും വിശുദ്ധന്മാരും ഓർക്കണം.[19]

### മോശമായ വാർത്തകൾ (14:8)

ഒന്നാമത്തെ സന്ദേശവാഹകൻ മദ്ധ്യാ-കാശ പ്രസംഗപീഠം വിട്ടുപോയപ്പോൾ, രണ്ടാമത്തെ പ്രാസംഗികൻ അവന്റെ സ്ഥാനം പിടിച്ചു: "രണ്ടാമതു, ... വേറൊരു ദൂതൻ പിൻചെന്നു, പറഞ്ഞു, 'മഹതിയാം ബാബിലോൺ വീണു[20] പോയി ...' " (വാ. 8). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ദൂതൻ ആകാശമദ്ധ്യേ പറക്കുന്നു" എന്ന ചിത്രീകരണം നോക്കുക.) ബാബിലോണിന്റെ ഭൗതിക വീഴ്ച്ചയെ മുന്നറിയിച്ച് യെശയ്യാവ് ഇങ്ങനെ പറഞ്ഞിരുന്നു (യെശയ്യാവ് 21:9); ഇവിടെ ദൂതൻ മുന്നറിയിക്കുന്നത് ആത്മിയ ബാബേലിന്റെ വീഴ്ച്ചയാണ്.

ഇത് ആദ്യമാണ് മഹതിയാം ബാബേലിനെ കുറിച്ച് വെളിപ്പാടിൽ പറയുന്നത്, അദ്ധ്യായം 17 ലും 18 ലും പിന്നീട് പറയുന്നുണ്ട്. അദ്ധ്യായം 17-ൽ, അവളെ മൃഗത്തിന്മേൽ ഇരിക്കുന്ന സന്ദരിയും ധൂമ്രവർണ്ണവുമുള്ളവൾ എന്നാണ് പറഞ്ഞിരിക്കുന്നത് (വാ. 3); ആ വിചിത്ര ജീവിയുമായി അവൾ സഖ്യത്തിലായിരുന്നു. അവളുടെ നെറ്റിയിൽ ഇങ്ങനെ എഴുതിയിരുന്നു: "മർമ്മം മഹതിയാം ബാബിലോൻ, വേശ്യമാരുടേയും മ്ലേഛതകളുടേയും മാതാവ്" (വാ. 5). (ഈ പാഠത്തിന്റെ അവസാനം വരുന്ന ആകാശമദ്ധ്യേ ദൂതൻ പറക്കുന്നു എന്ന ചിത്രീകരണം നോക്കുക.) അദ്ധ്യായം 17 വരുന്നതുവരെ നാം "മഹതിയാം

ബാബേലിനെ" കുറിച്ചുള്ള മുഖ്യമായ പോയിന്റുകൾ ചർച്ച ചെയ്യുകയില്ല.[21] പക്ഷെ കുറച്ചുകാര്യങ്ങൾ പറയേണ്ടത് ആവശ്യവുമാണ്: "പഴയ മെസെപ്പോതോമ്യ നഗരമായിരുന്ന ബാബിലോൻ മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും ശക്തി കേന്ദ്രമായിത്തീരുകയും, ആഡംബരത്തിനും അധാർമ്മികതക്കും പേരെടുക്കുകയും ചെയ്തു."[22] ബാബിലോന്റെ പദവി "മഹതിയാം" എന്നെടുത്തത് നെബൂഖെദ്നേസറിന്റെ പ്രശംസയാണ് നമ്മെ ഓർപ്പിക്കുന്നത്: "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ട് രാജധാനിയായി പണിത മഹതിയാം ബാബിലോൻ അല്ലയോ? എന്നു രാജാവ് പറഞ്ഞു തുടങ്ങി" (ദാനിയേൽ 4:30). അതിനെത്തുടർന്ന് രാജ്യം നെബുഖെദ്നേസരിൽനിന്നു എടുത്തുകളയുമെന്ന് യഹോവ അരുളിച്ചെയ്തു (ദാനിയേൽ 4:31). അവസാനം, രാജ്യം നെബൂഖെദ്നേസരിൽനിന്ന് മേദ്യ-പാർസികൾ കരസ്ഥമാക്കി. ആൽബർട്ട് ബാൽഡിഞ്ചർ പറഞ്ഞു,

> കോരശിന്റെ നേതൃത്വത്തിൽ പാർസികളാൽ പുരാതന ബാബിലോൻ വീണുപോയത് ... എബ്രായരുടെ മനസിൽ ഒരു പോറലുണ്ടാക്കി, ദൈവത്തോട് എതിർക്കുന്ന അധികാരങ്ങളെയും, ആളുകളെയും, സ്ഥാപനങ്ങളെയും ദൈവം സന്ദർശിക്കുമെന്നതിന് അവർക്ക് ഒരടയാളവും ലഭിച്ചു.[23]

നാം വാക്യം 8 പഠിക്കുമ്പോൾ ഇത് മനസിൽ സൂക്ഷിക്കുക: "വീണുപോയി,[24] തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം[25] സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി."[26] ഈ "വേശ്യകളുടെ മാതാവിനെ" കുറിച്ച് ചില വസ്തുതകൾ നമുക്ക് നോക്കാം.

(1) "മഹതിയാം ബാബിലോൻ" തീർച്ചയായും ദൈവത്തിന്റെ ശത്രുവാണ്. നാം കാണുവാൻ പോകുന്നതുപോലെ, അവൾ സർപ്പത്തിന്റെ മൂന്നാമത്തെ ഏജന്റാണ്: മൃഗം ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്തി; കള്ളപ്രവാചകൻ ക്രിസ്ത്യാനികളെ വഞ്ചിച്ചു; ബാബിലോൻ ക്രിസ്ത്യാനികളെ വഴി *തെറ്റിച്ചു.* ഇപ്പോൾ, അവൾ നമ്മെ ഏതു വിധേനയും കർത്താവിൽനിന്നകറ്റുന്ന ഏതൊരു ലൗകിക സ്വാധീനവുമാണ് എന്നു മാത്രം മനസിലാക്കുക.[27]

(2) അവൾ പുരുഷാരത്തെ ദൈവത്തിൽനിന്നകറ്റുവാൻ ആകർഷിക്കുന്നതിൽ വിജയിച്ചുകൊണ്ടിരുന്നു: അവൾ "തന്റെ ദുർന്നടപ്പിന്റെ ക്രോധ മദ്യം സകലജാതികളെയും കുടിപ്പിച്ചു." ആ ചിത്രീകരണം വ്യക്തമാക്കുന്നത് എന്തും ചെയ്യുവാൻ മടിയില്ലാത്ത ആളുകൾ പ്രേരിപ്പിച്ച് മറ്റുള്ളവരെ മദ്യപിപ്പിക്കുന്നവർ മറ്റുള്ള വ്യക്തികളെ വഴിതെറ്റിക്കുകയാണ് എന്നത്രെ. നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം ഊന്നി പറഞ്ഞതുപോലെ, ആത്മിയ വ്യഭിചാരത്തെയാണ് പ്രാഥമികമായി ആ വേദഭാഗം വെളിപ്പെടുത്തുന്നത് (കർത്താവിനോട് അവിശ്വസ്തരാകുക) എന്നാൽ ശാരീരിക വ്യഭിചാരവും അതിൽ ഉൾപ്പെടുന്നു.

(3) അവസാനം, ബാബിലോൻ നശിച്ചുപോയി. അവൾ എത്രമാത്രം പ്രാധാന്യവും സ്വാധീനവുമുള്ളവളായിരുന്നാലും, വീണു പോകുമെന്നതു വാസ്തവമാണ്.[28] സംഭവിച്ചു കഴിഞ്ഞതുപോലെയാണ് ദൂതൻ സംസാരിച്ചത്.[29] "വീണുപോയി, മഹതിയാം ബാബിലോൻ വീണുപോയി" ദൂതൻ പറഞ്ഞതു പോലെ, അവളുടെ നാശം തീർച്ചയായിരുന്നു. ദൈവഹിതത്തിന് വിപരീതമായി പ്രവർത്തിക്കുന്നവർ തങ്ങൾക്കു തന്നെ നാശം വരുത്തുന്നു

എന്നത് സത്യമാണ്.

ബാബിലോന്റെ നാശത്തെ ദൈവം എന്തിനാണ് മുന്നറിയിച്ചത്? ഭാഗിക മായി, ബാബേലിന്റെ സ്വാധീനത്താൽ അവിശ്വാസികളായി തീർന്നവരെ മുന്ന റിയിക്കുന്നതിനാണ്. ചിലർ അവരുടെ വഴിയിൽ മോശമായത് കേൾക്കുന്നതു വരെ സുവാർത്തക്ക് ചെവി കൊടുക്കുകയില്ല. എബ്രായ ലേഖകൻ പറഞ്ഞു, “ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം” (എബ്രായർ 10:31). പൗലൊസ് എഴുതി, “കർത്താവിനെ ഭയപ്പെടേണം എന്നറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു” (2 കൊരിന്ത്യർ 5:11; കെജെവി).

പ്രത്യേകമായി, ബാബിലോന്റെ മികവും മനോഹാരിതയും ആകർഷിക്ക പ്പെട്ടിട്ടുള്ള ഏതൊരു ക്രിസ്ത്യാനിക്കും, ഉള്ള മുന്നറിയിപ്പായിരുന്നു വാക്യം 8. ബാബിലോനും മെസോപ്പൊത്തോമ്യയിലെ അവളുടെ പ്രതിരൂപമായിരുന്ന വൾ നശിച്ചതു പോലെ നശിക്കുവാനിരിക്കുന്നു എന്ന് ചാഞ്ചാട്ടത്തിലായിരിക്കു ന്നവരെ മുന്നറിയിക്കുകയായിരുന്നു. ഈ സത്യം ചർച്ച ചെയ്തുകൊണ്ടിരുന്ന പ്പോൾ, സുവിശേഷകനായിരുന്ന ജോൺ റിസേ ചോദിച്ചു, “പരാജയപ്പെട്ട ഒരു സ്ഥാനാർത്ഥിക്ക് വേണ്ടി നിങ്ങൾ വീണ്ടും വോട്ട് ചെയ്യുമോ?”[30] അയാളുടെ സന്ദേശം തീർച്ചയുള്ളതായിരുന്നു: മറിച്ചിടുമെന്ന് മുന്നറിയിക്കപ്പെട്ട ആളിനോട് ചേർന്നു നിൽക്കുന്നതെന്തിനാണ്?

## നിങ്ങൾ തിരഞ്ഞെടുക്കുക[31] (14:9-13)

സുവാർത്തയും - മോശമായ വാർത്തയും അറിയിച്ചു കഴിഞ്ഞു. ഇപ്പോൾ അവസാനത്തെ ദൂതന്റെ വരവിന് സമയമായി. യോഹന്നാന്റെ വായനക്കാർക്ക് ഇപ്പോൾ തീരുമാനം എടുക്കേണ്ട സമയമാണ്.[32]

### വിശ്വാസമില്ലാത്തവന്റെമേലുള്ള വിധി (വാ. 9-12)

ന്യായവിധിയുടെ രീതി വിവരിച്ചുകൊണ്ടാണ് മൂന്നാമത്തെ ദൂതൻ ആരം ഭിച്ചത്. “മൃഗത്തേയും പ്രതിമയെയും നമസ്ക്കരിക്കുന്നവന്റെയും നെറ്റിമേലും കൈമേലും മുദ്രയുള്ളവന്റേയും മേൽ ന്യായവിധി വരും” (വാ. 9). (ഈ പാ ഠത്തിന്റെ അവസാനം കാണുന്ന “ദൂതൻ ആകാശ മദ്ധ്യേ പറക്കുന്നു” എന്ന ചിത്രീകരണം നോക്കുക.)

രണ്ടാമത്തെ മൃഗം (കള്ളപ്രവാചകൻ) ഭൂമിയേയും ഭൂമിയിൽ വസി ക്കുന്നവരേയും ഒന്നാമത്തെ നൃഗത്തെയും (13:12), അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുമാറാക്കി (13:15). അവൻ ആളുകളിൽ “അവരുടെ നെറ്റിമേലും കൈമേലും മുദ്ര ഇടുമാറാക്കി” (13:16). “മുദ്രയേറ്റവർക്കല്ലാതെ ആർക്കും ഒന്നും വിൽക്കുകയോ വാങ്ങുകയോ ചെയ്യുവാൻ വഹിയാതെയുമാക്കി” (13:17). അങ്ങനെ മുദ്രയേൽക്കുകയും മൃഗത്തെ നമസ്ക്കരിക്കുകയും ചെയ്ത വർക്ക് *ഹ്രസ്വ-കാല* ഗുണങ്ങൾ ലഭിച്ചതായി അദ്ധ്യായം 13 വ്യക്തമാക്കുന്നു.

അടുത്തതായി, അദ്ധ്യായം 14 *ദീർഘ-കാല* അനന്തരഫലത്തെയാണ് എടുത്തു കാണിക്കുന്നത്: “മൃഗത്തേയും അതിന്റെ പ്രതിമയെയും നമസ്ക്ക രിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധ മദ്യം കുടിക്കേ ണ്ടിവരും” (വാ. 9, 10). മൃഗത്തിന്റെ മുദ്രയേറ്റവർ മുൻപ്, “[മഹാവേശ്യയുടെ] ദുർന്നടപ്പിന്റെ മദ്യം കുടിച്ചവരായിരുന്നു” (14:8). ഇപ്പോൾ അവർക്ക് ദൈവ ക്രോധ മദ്യം കുടിക്കേണ്ടി വന്നിരിക്കുന്നു.[33] ദൈവത്തിന്റെ ക്രോധ മദ്യം

"മുഴുവൻ ശക്തിയോടെയും" ആയിരിക്കും;[34] അതിൽ കരുണയുടെ ഒരംശം പോലുമില്ലായിരിക്കും.

ഈ ജീവിതത്തിൽ, ഏറ്റവും മോശമായ അഭക്തിയിൽ ജീവിക്കുന്ന ആൾക്കും ദൈവത്തിന്റെ കരുണ ലഭിക്കും. "അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ" (മത്തായി 5:45). എങ്ങനെയായാലും, ന്യായവിധിനാളിൽ, കർത്താവിനെ തുടർച്ചയായി തള്ളിക്കളഞ്ഞവർക്ക് യാതൊരു കരുണയു*മില്ല.*

പശ്ചാത്തപിക്കാത്തവർക്കുള്ള ശിക്ഷ നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമാണ്: "വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ, ഗന്ധകത്തീപ്പൊയ്കയിൽ[35] ദണ്ഡനം അനുഭവിക്കും" (വാ. 14:10). ഗന്ധകവും തീയും നമ്മെ സോദോമും ഗൊമോറയും നശിപ്പിച്ചതാണ് ഓർപ്പിക്കുന്നത് (ഉൽപത്തി 19:24; യൂദാ 7 നോക്കുക). ഏറ്റവും വലുതായി തരംതാഴ്ത്തി ശിക്ഷിക്കുന്നതിനെയാണ് വിശുദ്ധ ദൂതന്മാരുടേയും കുഞ്ഞാടിന്റേയും "മുമ്പാകെ" ശിക്ഷിക്കുന്നത്.[36] വിശ്വസ്തരായ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടത് പരിഹാസികളുടെ മുമ്പിൽ സഹതാപമില്ലാതെയായിരുന്നു. അതുപോലെ, കർത്താവിനുവേണ്ടി ജീവിതം സമർപ്പിക്കാത്തവരെ വിശുദ്ധസഭായോഗ മദ്ധ്യേയായിരിക്കും ശിക്ഷിക്കുക.[37]

യോഹന്നാൻ തുടർന്നു, "അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്രയേൽക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയുമുണ്ടാകയില്ല" (വാ. 11). ദൈവത്തെ-ആരാധിക്കുന്നവരുടെ പുക കുറ്റികത്തി തീരുന്നതുപോലെ പെട്ടെന്ന് അവസാനിക്കും, അത് കഴിഞ്ഞ്, "അവന് നിത്യജീവനും ദൈവത്തോടുകൂടിയുള്ള നിത്യമായ കൂട്ടായ്മയുമാണ് ലഭിക്കുക."[38] നേരെ മറിച്ച്, മൃഗത്തെ-നമസ്ക്കരിക്കുന്നവരുടെ പുക "എന്നെന്നേക്കും " ആയിരിക്കും. അവർക്ക് ഒരിക്കലും വിശ്രമം അനുഭവപ്പെടുകയില്ല, വേദന – വിവരിക്കുവാനാകാത്ത വേദന മാത്രം ആയിരിക്കും.

ഞാൻ നോക്കിയ രണ്ട് കമെന്ററികളിൽ വാക്യം 10 ഉം 11 ഉം പറയുന്നത് "ഉപ-ക്രിസ്ത്യാനി" എന്നാണ്. ആ വേദഭാഗം, "എല്ലാവരേയും സ്നേഹിക്കുവാൻ പഠിപ്പിച്ച" യേശുവിന്റെ യോഗ്യതക്ക് യോജിച്ചതല്ല എന്നു മറ്റുള്ളവർ പറയുന്നു. മറ്റു പുതിയനിയമ എഴുത്തുകാരെക്കാളും പ്രാസംഗികരെക്കാളും ഈ വിഷയത്തെ കുറിച്ച് യേശു കൂടുതൽ സംസാരിച്ചിരിക്കുന്നു എന്ന കാര്യം ഇവർ വിസ്മരിക്കുകയാണെന്ന് തോന്നുന്നു. ആ വിഷയത്തെ കുറിച്ച് യേശുവിന്റെ നേരിട്ടുള്ള ചില പ്രസ്താവനകൾ ഇതാ:[39]

> ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട. ദേഹിയെയും ദേഹത്തെയും നരകത്തിൽ നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ (മത്തായി 10:28).

> നിന്റെ കണ്ണ് നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ ചൂന്നു കളക. ഒറ്റക്കണ്ണനായി ദൈവരാജ്യത്തിൽ കടക്കുന്നത് രണ്ട് കണ്ണുള്ളവനായി അഗ്നിനരകത്തിൽ[40] വീഴുന്നതിനേക്കാൾ നിനക്ക് നല്ലു. അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല (മർക്കൊസ് 9:47, 48; കൂടാതെ വാ. 43–46 നോക്കുക).

> പിന്നെ അവൻ ഇടത്തുള്ളവരോട്, "ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ ... . ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും" (മത്തായി 25:41-46).

ഒരു ഞായറാഴ്ച്ച, ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനെ കുറിച്ച് ഒരു പ്രാസംഗികൻ പ്രസംഗിച്ചു. അടുത്ത ദിവസം ഒരു യുവാവ് ആ പ്രാസംഗികന്റെ ബൈബിൾ ക്ലാസിൽ വന്നപ്പോൾ, പ്രതിയോഗിയുടെ മട്ടിൽ പറഞ്ഞു, "ഇന്നലെ നിങ്ങൾ സംസാരിച്ച ചില കാര്യങ്ങളോട് ഞാൻ വിയോജിക്കുന്നു എന്ന കാര്യം നിങ്ങൾക്ക് അറിയാമോ?"

ശുശ്രൂഷകൻ ചോദിച്ചു, "എന്താണ് അത്?"

നിങ്ങൾ പറഞ്ഞു, "അഭക്തർ നിത്യശിക്ഷാവിധിയിലേക്ക് പോകും" എന്ന്. "ഞാൻ അത് വിശ്വസിക്കുന്നില്ല!"

ആ ഉപദേഷ്ടാവ് പറഞ്ഞു, "ഓ" അതാണോ കാര്യം, നിങ്ങൾ മത്തായി 25:46 വായിച്ചാൽ, എന്നോടല്ല വിയോജിക്കുന്നത് കർത്താവിനോടാണ്. എനിക്ക് നിങ്ങളോട് പറയുവാനുള്ളത്, ഉടനെ പോയി യേശുക്രിസ്തുവുമായി നിരപ്പു പ്രാപിക്കുക എന്നതാണ്."[41]

മൂന്നാമത്തെ ദൂതൻ അവസാനിപ്പിച്ചപ്പോൾ, യോഹന്നാൻ ഈ ദൈവ ശ്വാസിയമായ പരാമർശം നടത്തി: "ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" (വാ. 12).[42] ക്രിസ്ത്യാനികൾക്ക് തുടരുവാൻ പ്രചോദിപ്പിക്കുന്നതായിരുന്നു കർത്താവ് എല്ലാം നേരെയാക്കും എന്ന ഉറപ്പ്. എങ്ങനെയായാലും, *ആർക്കാണ്* ക്ഷമയോടെ ജീവിക്കുവാൻ കഴിയുന്നത്, എന്ന് ശ്രദ്ധിക്കുക: "ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്നവർക്ക്."[43] നമുക്ക് ആർക്കും പൂർണ്ണരാകുവാൻ കഴിയുകയില്ല, എന്നാൽ ദൈവം നമ്മോടുകൂടെയിരുന്നു നമ്മെ ശക്തീകരിച്ചാൽ നമുക്ക് ഏറ്റവും നന്നായി ജീവിക്കാം! ദൈവേഷ്ടം ചെയ്യുവാനായി ജീവിതം സമർപ്പിക്കപ്പെട്ടവരെ ദൈവം അനുഗ്രഹിക്കും.

**വിശ്വസ്തരുടെ വിധി (വാ. 13)**

പ്രസംഗിക്കുന്നവർ ചിലപ്പോൾ തങ്ങളുടെ മുഖ്യ പോയിന്റുകൾ അവസാനം വരെ ഓർപ്പിച്ചുകൊണ്ടിരിക്കും, ആകാശ-മദ്ധ്യേയുള്ള പ്രസംഗത്തിലും അത് വാസ്തവമാണ്: മൂന്നാമത്തെ ദൂതൻ അവസാനിപ്പിച്ച ശേഷം, യോഹന്നാൻ സ്വർഗത്തിൽനിന്ന് "ഒരു ശബ്ദം[44] കേട്ടു, 'എഴുതുക,[45] "ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ!' "[46] 'അതേ,'[47] 'അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു, അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു, എന്ന് ആത്മാവ് പറയുന്നു' "[48] (വാ. 13).

ഇത് വെളിപ്പാടിലെ രണ്ടാമത്തെ മനോഗുണമാണ്[49] അതിൽ പുസ്തകത്തിലെ ഏറ്റവും ആശ്വസിപ്പിക്കുന്ന വാക്കുകൾ അടങ്ങിയിരിക്കുന്നു. കരയുന്ന അനേകം പേർക്ക് വർഷങ്ങളായി ആശ്വാസം പകർന്ന വേദഭാഗമാണത്. നിങ്ങൾക്ക് ആ വാക്യം അറിയില്ലെങ്കിൽ, അത് മനപ്പാഠമാക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ജീവിതം മുഴുവൻ കർത്താവിന്നായി അദ്ധ്വാനിച്ചിട്ട് അവരുടെ അവ

സാന നാളുകളിൽ രോഗവും വേദനയും നിറഞ്ഞ ശരീരങ്ങളുമായി കഴിഞ്ഞ് മരിച്ച പലരുടേയും ശവസംസ്ക്കാര ശുശ്രൂഷ ഞാൻ നടത്തിയിട്ടുണ്ട്. വെളിപ്പാട് 14:13 അവർക്ക് യോജിക്കുന്നതല്ലെന്ന് തോന്നിയേക്കാം, പക്ഷെ മരണം അവർക്ക് അനുഗ്രഹമായിരുന്നു; കാരണം സകല പ്രയത്നങ്ങളിൽനിന്നും വിശ്രമമായിരുന്നു.

മരിക്കുന്ന എല്ലാവർക്കും ആ വാക്യം അനുഗ്രഹം ലഭിക്കുമെന്ന് പറയുന്നില്ല, എന്നാൽ "കർത്താവിൽ മരിക്കുന്നവർക്കാണ്" എന്ന് ഞാൻ സാധാരണ ഊന്നി പറയാറുണ്ട്. നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, നാം സുവിശേഷം അനുസരിക്കുന്നു (റോമർ 6:3; ഉം ഗലാത്യർ 3:27 ഉം നോക്കുക) ക്രിസ്തുവിലായാൽ, നാം "പുതിയ സൃഷ്ടികൾ" ആകുന്നു (2 കൊരിന്ത്യർ 5:17). "ക്രിസ്തുവിൽ" ആകുമ്പോൾ നാം അവന്റെ മക്കൾ ആകുന്നു (ഗലാത്യർ 3:26). "ക്രിസ്തുവിൽ" നാം സകല ആത്മിക അനുഗ്രഹത്താലും അനുഗ്രഹിക്കപ്പെടുന്നു (എഫെസ്യർ 1:3). അവൻ നമ്മിലും നാം അവനിലും ആകുന്ന ഒരു പ്രത്യേക അടുത്ത ബന്ധമാണ് നമുക്ക് "ക്രിസ്തുവിൽ" ഉണ്ടാകുന്നത് എന്നാണ് ആ പ്രയോഗം വ്യക്തമാക്കുന്നത് (കൊലോസ്യർ 1:27, 28).

എങ്ങനെയായാലും, നമുക്ക് വേണമെങ്കിൽ ആ ബന്ധം തിരഞ്ഞെടുക്കാതിരിക്കാം. യേശു തന്റെ ഭൗമിക ശുശ്രൂഷയുടെ അവസാനഘട്ടത്തിൽ, തന്റെ ശിഷ്യന്മാർക്ക് ഈ വെല്ലുവിളി നൽകി:

> എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും, കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല; എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പ് പോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു, ആ വക ചേർത്ത് തീയിൽ ഇടുന്നു (യോഹന്നാൻ 15:4–6).

"കർത്താവിൽ മരിക്കുന്നവർ" ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരും, മരണം വരെ "ക്രിസ്തുവിൽ" വസിച്ചവരുമാണ് (വെളിപ്പാട് 2:10 നോക്കുക). അവരുടെ മരണം അനുഗ്രഹിക്കപ്പെട്ടതാണ്; അവർ "ദൈവമക്കൾക്കായി" ഒരുക്കിയിരിക്കുന്ന "ശബ്ബത്തു അനുഭവത്തിലേക്ക്" പ്രവേശിക്കും (എബ്രായർ 4:9). "തന്റെ ഭക്തന്മാരുടെ മരണം യഹോവക്ക് വിലയേറിയതാകുന്നു" (സങ്കീർത്തനങ്ങൾ 116:15).

വെളിപ്പാട് 14:13–ൽ പൊതുവായ ഒരു പ്രായോഗികതയുണ്ട്, എന്നാൽ യോഹന്നാന്റെ വായനക്കാർക്ക് അതിൽ പ്രത്യേക അർത്ഥവുമുണ്ട്: 'ലേബേഴ്സ്' എന്നതിനു ഉപയോഗിച്ച "ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് ക്ഷീണിച്ചു മടുക്കുവോളം ഉള്ള ജോലി എന്നാണ്. മൃഗത്താൽ [അവർക്കു] ണ്ടായ ക്ലേശങ്ങൾ നിമിത്തം വിശുദ്ധന്മാർ അവശരായി തീർന്നിരുന്നു."[50] "കർത്താവിൽ" മരിക്കുക എന്നാൽ, മരണം വരെ അവർ തങ്ങൾക്ക് വേണ്ടി മരിച്ചവനിൽ വിശ്വസ്തരായിരുന്നു എന്നാണ്. "വിശ്രമം എന്ന വാക്ക് സൂചിപ്പിക്കുന്നത്, ... അക്ഷരികമായി 'അവർ ഉന്മേഷം പ്രാപിക്കുമെന്നതാണ്' "[51] മൃഗത്തിന്റെ

സമ്മർദ്ദത്തിനും, ബാബിലോന്റെ ആകർഷണത്തിനും വിധേയപ്പെടാതെ ക്രിസ്ത്യാനികൾ മരിച്ചപ്പോൾ – അവർക്ക് ഒടുവിൽ എല്ലാ ക്ലേശങ്ങളിൽനിന്നും വേദനയിൽനിന്നും – വിശ്രമം ലഭിച്ചു. അവരുടെ ആത്മാക്കൾ കർത്താവിന്റെ സന്നിധിയിൽ ഉന്മേഷം പ്രാപിച്ചു. എന്തൊരു അന്തരം! മൃഗത്തെ അനുഗമിച്ചവർക്ക്, ഈ ജീവിതത്തിന് ശേഷം "രാവും പകലും ഒരു സ്വസ്ഥതയും" ഉണ്ടായിരിക്കയില്ല (വാ. 11), എന്നാൽ കുഞ്ഞാടിനെ അനുഗമിച്ചവർക്ക്, "പ്രയത്നങ്ങളിൽനിന്നുള്ള വിശ്രമമായിരിക്കും ലഭിക്കുക" (വാ. 13).

അദ്ധ്യായം 14-ൽ ഉടനീളം ഒരു തെരഞ്ഞെടുപ്പ് നടത്തുവാനുള്ള അവസരമാണ് നൽകുന്നത്. ഫലത്തിൽ, വായനക്കാരനോട് പറയുന്നു, "നിങ്ങൾക്ക് കുറച്ച് നാളത്തേക്ക് ആശ്വസകരമായ ജീവിതം നയിച്ച്, പിന്നീട് നിത്യത നരകത്തിൽ ചെലവഴിക്കുകയോ; അല്ലെങ്കിൽ കുറച്ച് നാൾ കഷ്ടം സഹിച്ചിട്ട് പിന്നീട് സ്വർഗത്തിൽ നിത്യത ചെലവഴിക്കുകയോ ചെയ്യാം." ആ രീതിയിൽ കാര്യങ്ങൾ കണ്ടാൽ തിരഞ്ഞെടുപ്പ് പ്രയാസമായിരിക്കയില്ല; നിർഭാഗ്യവശാൽ, ആളുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഉടനെയുള്ള കാര്യങ്ങളിലാണ്. ആകയാൽ അവരുടെ ഭാവി ഇരുണ്ടുപോകുന്നു.

പരിശുദ്ധാത്മാവ് നമുക്ക് ഈ തെരഞ്ഞെടുപ്പ് നൽകുമ്പോൾ, തന്റെ ജനം വിശ്വസ്തമായിരിക്കുന്നത് എത്ര വിഷമകരമാണെന്ന് കർത്താവിന്ന് അറിയാം എന്നതാണ് വസ്തുത. തങ്ങൾക്കും കുടുംബാംഗങ്ങൾക്കും നേരിടുന്ന ലജ്ജയും, വേദനയും മരണവും കാര്യമാക്കിയില്ലെങ്കിൽ മാത്രമെ കർത്താവിനെ തള്ളിക്കളയാതിരിപ്പാൻ സാധിക്കു എന്ന പരീക്ഷണമായിരുന്നു അത്. നേരായതും കടുപ്പവുമുള്ള വഴി തിരഞ്ഞെടുക്കുന്നത് ദൈവമക്കൾക്ക് ഇന്നും ഒരു പരീക്ഷണമാണെന്ന് കർത്താവിന് അറിയാം. ഫലത്തിൽ അവൻ തുടർച്ചയായി പ്രബോധിപ്പിക്കുന്നത്, "ദീർഘ-വീക്ഷണം ഉള്ളവരായിരിപ്പിൻ" എന്നാണ്.

## ഉപസംഹാരം

"ഡി-ദിവസം"[52] എന്നത് ലോകമഹായുദ്ധം II ലെ ഓർമ്മിക്കത്തക്ക ദിവസമായിരുന്നു. ജൂൺ, 6, 1944, സഖ്യകക്ഷികൾ നോർമണ്ടിയെ ആക്രമിച്ചു, അത് യൂറോപ്പിനെ വേർപെടുത്തുവാനുള്ള അവസാന ശ്രമമായിരുന്നു. നമ്മുടെ സ്വന്ത ജീവിതത്തിലെ നിർണ്ണായക ദിവസമാണ്, "ഡി-ഡേ" – *തീരുമാന* ദിവസം – പാപത്തോടുള്ള ബന്ധം വേർപെടുത്തിയ ദിവസം.

നിങ്ങളുടെ ജീവിതം കർത്താവിനു സമർപ്പിച്ച ദിവസം. രണ്ട് തിരഞ്ഞെടുപ്പ് മാത്രമെയുള്ളു എന്ന് നമ്മുടെ പഠനം വ്യക്തമാക്കുന്നു. പിശാചിനു വേണ്ടി ജീവിക്കുകയും നിത്യത അവനോടുകൂടെ ചെലവഴിക്കുകയോ (20:10), അല്ലെങ്കിൽ കർത്താവിനു വേണ്ടി ജീവിക്കുകയും നിത്യത അവനോടുകൂടെ ചെലവഴിക്കുകയോ (21:3) ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കുവാൻ ദൈവം നമ്മെ നിർബ്ബന്ധിക്കുകയില്ല. അവൻ തന്റെ കരുണ ദീർഘിപ്പിക്കും. നമുക്ക് വേണമെങ്കിൽ സ്വീകരിക്കാം, അല്ലെങ്കിൽ നിരസിക്കാം. തിരഞ്ഞെടുപ്പ് നമ്മുടേതാണ് – അനന്തരഫലവും നമ്മുടേതാണ്.

1829-ൽ, ജോർജ് വിൽസണെ, എഴുത്തുകൾ മോഷ്ടിച്ചതിനും കുലപാതക കുറ്റത്തിനും തൂക്കിക്കൊല്ലുവാൻ വിധിച്ചു. അന്നത്തെ പ്രസിഡന്റ് ആൻഡ്രു ജാക്സൺ അദ്ദേഹത്തിന് മാപ്പ് കൊടുത്തു, പക്ഷെ വിൽസൺ ആ മാപ്പ് സ്വീകരിച്ചില്ല. മാപ്പ് സ്വീകരിച്ചില്ലെങ്കിൽ അതിനു വിലയില്ല. അതിനു മുൻപ് ഒരിക്കലും അമേരിക്കയിൽ ഉന്നയിക്കാത്ത നിയമപരമായ ചോദ്യമായിരുന്നു

അത്. ആ കാര്യം സുപ്രീം കോടതിയിലേക്ക് പോയി. അന്നത്തെ ചീഫ് ജസ്റ്റിസ് തീരുമാനം എടുത്തത് താഴെ കൊടുത്തിരിക്കുന്നു:

> മാപ്പ് ആർക്ക് വേണ്ടി നൽകിയിരിക്കുന്നുവോ ആ വ്യക്തി അത് സ്വീക രിക്കുന്നതുവരെ അതിന് കടലാസിന്റെ വില മാത്രമാണുള്ളത്. മരണ ശിക്ഷക്ക് വിധിക്കപ്പെട്ട ഒരാൾക്ക് നൽകുന്ന മാപ്പ് അയാൾ നിരസിക്കു കയാണെങ്കിൽ, അത് മാപ്പ് അല്ല. അതുകൊണ്ട് ജോർജ് വിൽസണെ തൂക്കി കൊല്ലുക.[53]

ഇന്ന് ദൈവത്തിന്റെ ക്ഷമാപണം നിങ്ങളിലേക്ക് നീട്ടിയിരിക്കുന്നു. അത് വിശ്വാസത്താലും അനുസരണത്താലും നിങ്ങൾക്ക് സ്വീകരിക്കാം – പക്ഷെ നി ങ്ങൾ അത് സ്വീകരിക്കണമെന്നില്ല. തീരുമാനം നിങ്ങളുടേതാണ്. അനന്തരഫ ലത്തെ കുറിച്ച് നിങ്ങൾ തീർച്ചയായും മനസിലാക്കിയിരിക്കണം.

---

**പ്രാസംഗികർക്കും ഉപദേഷ്ടാക്കൾക്കുമുള്ള കുറിപ്പുകൾ**

ഈ പാഠത്തോടുകൂടി "തീരമാനിക്കേണ്ട സമയം" എന്ന ഒരു ചാർട്ടും വേണമെങ്കിൽ അവതരിപ്പിക്കാം. രണ്ട് തിരഞ്ഞെടുപ്പിന്റെ അന്തരം ഇതിൽ ഉൾപ്പെടുത്താം. മുകളിൽ "ഈ ജീവിതത്തിൽ" എന്നു കൊടുക്കാം. ഈ ജീവി തത്തിൽ മൃഗത്തെ–ആരാധിക്കുന്നവർക്ക് ഇഷ്ടമുള്ള പെരുമാറ്റം കിട്ടിയേക്കാം, എന്നാൽ ദൈവത്തെ–ആരാധിക്കുന്നവർക്ക് പീഢനമാണ് ലഭിക്കുക. പിന്നെ ചാർട്ടിൽ "വരുവാനുള്ള ജീവിതം" എന്ന് കൊടുക്കുക. മറ്റു സത്യങ്ങളെ പോ ലെ, ചാർട്ടിൽ വരുവാനുള്ള ജീവിതത്തിൽ, മൃഗത്തെ–ആരാധിക്കുന്നവർക്ക് ഒരു വിശ്രമവും ലഭിക്കുകയില്ല, എന്നും ദൈവത്തെ–ആരാധിക്കുന്നവർക്ക് അവരുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമം ലഭിക്കുമെന്നും രേഖപ്പെടുത്തുക.

നിങ്ങൾക്ക് കലാപരമായ കഴിവുണ്ടെങ്കിൽ, അതേ അന്തരം കാണിക്കുന്ന ഒരു ചിത്രം വരക്കാം. അതിന്റെ ആദ്യഭാഗത്ത് ഈ ജീവിതത്തിലെ മുഖ്യ പോ യിന്റുകളും, അടുത്ത ഭാഗത്ത് വരുവാനുള്ള ജീവിതത്തിലെ മുഖ്യ പോയിന്റു കളോടൊപ്പം ദീർഘ–വീക്ഷണവും അനന്ത്രരഫലങ്ങളും ഉൾപ്പെടുത്തുക.

സുവിശേഷീകരണത്തെ കുറിച്ച് പ്രസംഗിക്കുവാനും ഈ വേദഭാഗം ഉപ യോഗിക്കാം (നഷ്ടപ്പെട്ട ലോകത്തോടുള്ള സന്ദേശമായി ദൂതന്മാരുടെ അറി യിപ്പുകൾ സൂചിപ്പിക്കാം). സുവിശേഷീകരണത്തിനുള്ള മൂന്നു ലക്ഷ്യങ്ങൾ വേദഭാഗം നൽകുന്നു: (1) ഒന്നാമത്തെ ദൂതൻ: ദൈവം നഷ്ടപ്പെടുന്നവരെ കുറിച്ച് വിചാരപ്പെടുന്നു, അതുപോലെ നാമും വിചാരപ്പെടണം. (2) രണ്ടാ മത്തെ ദൂതൻ: നമ്മുടെ സ്നേഹിതന്മാരും അയൽക്കാരും കർത്താവിലേക്ക് തിരിഞ്ഞില്ലെങ്കിൽ, അവരുടെ വീഴ്ച്ച തീർച്ചയാണ്. (3) മൂന്നാമത്തെ ദൂതൻ: നമ്മുടെ സ്നേഹിതന്മാർ എടുക്കുന്ന തീരുമാനത്തിന്റെ ഫലമാണ് അവർക്ക് ലഭിക്കുന്ന നിത്യത; അവർ ശരിയായ തീരുമാനം എടുക്കുവാൻ നമുക്ക് അവരെ പ്രോൽസാഹിപ്പിക്കാം. ഈ പ്രസംഗത്തിനു പറ്റിയ തലവാചകം "കർത്താവിന്റെ ഭയങ്കരത്വം അറിയുക" എന്നതായിരിക്കും.

ഞാൻ ഗവേഷണം നടത്തുന്നതിനിടയിൽ ലഭിച്ച ചില തലവാചകങ്ങൾ ഇവയാണ്: "അവസാന വാക്ക് ദൈവത്തിനാണ്"; "കരുണയുള്ള ദൂതന്മാർ, നാശവും മുന്നറിയിപ്പും"; "ദർശനങ്ങളുടേയും ന്യായവിധിയുടേയും ശബ്ദ

ങ്ങൾ"; "ഒരു പ്രബോധന വാക്ക്"; "നല്ല വാർത്തയും, മോശമായ വാർത്തയും"; "കേൾക്കുക, കേൾക്കുക!"

---

കുറിപ്പുകൾ

[1]അദ്ധ്യായം 14 ലെ മൂന്നു ഭാഗങ്ങൾ കാലനിർണ്ണയപ്രകാരം നോക്കേണ്ട ആവശ്യമില്ല. ഒരേ വിഷയം മൂന്നു രീതിയിൽ അവതരിപ്പിക്കുന്നു എന്നു മാത്രം: "അവസാനം ദൈവജനം ജയിക്കും." നിങ്ങൾ മൂന്നു ഭാഗങ്ങളും സമയക്രമമനുസരിച്ച് നോക്കുകയാണെങ്കിൽ, 144,000 പേർ *യോഹന്നാന്റെ കാലത്തെ* വിശ്വസ്തരായി എടുക്കുക, അല്ലാതെ എല്ലാ കാലത്തെയും വിശ്വസ്തരായിട്ടല്ല. [2]മദ്ധ്യാകാശ-പ്രസംഗപീഠം എന്ന ആശയം യൂജിൻ പീറ്റേഴ്സന്റെ "സെർമൺസ് ഫ്രം എ പുൾപിറ്റ് ഇൻ മിഡ്-ഹെവൻ" എന്നതിൽ നിന്നെടുത്തതാണ് (*റിവേഴ്സ്ഡ് തണർ* [സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988], 128). [3]മിഖായേലിന്റെ ദൂതന്മാരല്ലാതെ (12:7) യഹോവയുടെ ദൂതന്മാരെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഏഴാമത്തെ കാഹളം ഊതുന്ന സമയത്താണ് (11:15), അത് 14:6 ൽനിന്നും വളരെ അകന്നിരിക്കുന്നു. [4]കെജെവിയിൽ "*നിത്യ* സുവിശേഷം" എന്നാണ്. കയ്യെഴുത്തുപ്രതിയുടെ തെളിവ് അനുകൂലിക്കുന്നത് "ദ" എന്നതിനു പകരം "ആൻ" എന്നതിനാണ്. പക്ഷെ ഇൻഡെഫനിറ്റ് ആർട്ടിക്കിൾ "ആൻ" എന്നതിന് പ്രത്യേക പ്രാധാന്യമൊന്നുമില്ല. റോമർ 1:1-ൽ പൗലൊസ് "സുവിശേഷം" എന്ന വാക്കിനു മുൻപ് ("ദ") ഉപയോഗിച്ചിട്ടില്ല. [5]ക്രിസ്തുവിന്റെ രണ്ടാം വരവ് അടുക്കുമ്പോൾ, ദൂതന്മാർ അക്ഷരികമായി സുവിശേഷം അറിയിക്കും എന്നാണ് ചിലർ വിശ്വസിക്കുന്നത്. പക്ഷെ ആ വേദഭാഗം അങ്ങനെ പഠിപ്പിക്കു*ന്നില്ല*, അത് ഒരു *ദർശന*മായിരുന്നു. സുവിശേഷം അറിയിക്കുവാനുള്ള ഉത്തരവാദിത്വം ദൂതന്മാർക്കല്ല *പുരുഷന്മാർ*ക്കാണ് നൽകിയിരിക്കുന്നത് (മത്തായി 28:18-20; മർക്കൊസ് 16:15, 16; 2 കൊരിന്ത്യർ 4:7 നോക്കുക). [6]ഗ്രീക്ക് വാക്കിന്റെ ക്രിയ തർജിമ ചെയ്തതാണ് 10:7-ൽ "സുവിശേഷം" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്, ഇവിടെ മാത്രമാണ് നാമം ഉപയോഗിച്ചിരിക്കുന്നത്. [7]ഏതു തരത്തിലുമുള്ള "സുവാർത്ത" *ക്ക്* ഉപയോഗിക്കാവുന്ന പൊതുവായ അർത്ഥം വരുന്ന വാക്കാണ് "*സു*വിശേഷം" എന്നത് ഗ്രീക്കിൽനിന്നു തർജിമ ചെയ്തത്, എന്നാൽ ഒന്നാമത്തെ ദൂതൻ അറിയിച്ചത് "പൊതുവായ സുവാർത്ത" ആയിരുന്നില്ല. എങ്ങനെയായാലും, ദൈവശ്വാസിയ പുരുഷന്മാർ അറിയിച്ച സുവിശേഷത്തിന്റെ ഭാഗമായിരുന്നു അത്. അതുകൊണ്ട് അത് "മറ്റൊരു സുവിശേഷം" അല്ല (2 കൊരിന്ത്യർ 11:4 ഉം ഗലാത്യർ 1:6, 7 ഉം നോക്കുക). അത് *സു*വിശേഷം അല്ലാതെ മറ്റൊന്ന് അല്ല. [8]മയർ പേൾമാൻ, *വിൻഡോസ് ഇൻടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവലേഷൻ* (സ്പ്രീങ്ങ്ഫീൽഡ് മോ: ഗോസ്പെൽ പബ്ലിഷിങ് ഹൗസ്, 1941), 131. [9]അന്ത്യകാല വിശുദ്ധന്മാർ പറയുന്നത് 14:6, 7 ലെ ഒരു ദൂതൻ അമേരിക്കയിലെ ന്യൂയോർക്കിനു മുകളിൽ കൂടെ പറന്നു മോർമോന്റെ സ്ഥാപകനായിരുന്ന ജോസഫ് സ്മിത്തിന്റെ ചില വെളിപ്പെടുത്തലുകൾ വിതരണം ചെയ്യുവാൻ ഇട്ടിട്ടു പോയി എന്നാണ്. അപ്പൊസ്തലന്മാർക്ക് കൊടുത്ത വെളിപ്പാട് പൂർണ്ണമായിരുന്നു എന്നാണ് പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നത് (യോഹന്നാൻ 16:13; 2 പത്രോസ് 1:3; യൂദാ 3). ആകയാൽ എല്ലാ "അന്ത്യ-കാല വെളിപ്പാടുകൾ" എന്നറിയപ്പെടുന്നതെന്തും ദൈവവചനത്തോടു കൂട്ടുചേർക്കുന്നതാണ് (വെളിപ്പാട് 22:18, 19). [10]ജെ. ഡബ്ലിയു. റോബർട്ട്സ്, *ദ റെവലേഷൻ ടു ജോൺ* (ദ അപോകാലിപ്സ്), ദ ലിവിങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974), 119.

[11]ഓവൻ എൽ. ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ് റെവലേഷൻ* (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പനി., 1985), 259. [12]മുൻപ് പറഞ്ഞതുപോലെ, "ഭൂ-വാസികൾ" എന്ന വാക്ക് (തത്തുല്യമായതും) അവിശ്വാസികളെ ആണ് സൂചിപ്പിക്കുന്നത്, എന്നാൽ "സകല ഗോത്രവും, ഭാഷയും, വംശവും, ജാതിയും" എന്ന പ്രയോഗം "എല്ലാവരെയും" ആണ് ഉദ്ദേശിക്കുന്നത്. [13]മദ്ധ്യാ-കാശത്ത് ദൂതൻ പറന്നത് എല്ലാവരും കാണുവാനും, അത്യുച്ചത്തിൽ സംസാരിച്ചത് എല്ലാവരും കേൾക്കേണ്ടതിനും ആയിരിക്കാം. [14]ദൈവത്തെ വിവരിക്കുവാൻ 10:6-ൽ ഏതാണ്ട് തുല്യമായ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. 14:7 ലെ അപേക്ഷ പൗലൊസ് ലുസ്ത്രയിലെ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരോട് നടത്തിയതിനോട് ഒക്കുന്നതാണ് (പ്രവൃത്തികൾ 14:15). താൻ നിർമ്മിച്ച ലോകത്തിൽ വെച്ചുതന്നെ ആളുകൾ സത്യദൈവത്തെ അറിയണമെന്ന സൂചനയാണ് 14:7-ൽ അടങ്ങിയിരിക്കുന്നത് (റോമർ 1:18-21 നോക്കുക). [15]ശരിയായ, യോജിച്ച സമയത്തെ കാണിക്കുവാനാണ് അപ്പൊസ്തലനായിരുന്ന യോഹന്നാൻ "നാഴിക" എന്ന വാക്ക് ഉപയോഗിച്ചത്. [16]എന്നെ തെറ്റിദ്ധരിക്കരുത്. സുവിശേഷത്തെ നിരസിക്കുന്നതുകൊണ്ടു മാത്രം ആളുകൾ നഷ്ടപ്പെടുന്നില്ല. അങ്ങനെയാണെങ്കിൽ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ മതി: അപ്പോൾ അവർക്ക് നിരസിക്കുവാനുള്ള അവസരം വഭിക്കയില്ലല്ലൊ. യേശു വരുന്നതിനു *മുൻപു* തന്നെ മനുഷ്യർ നഷ്ടപ്പെട്ടിരുന്നു; അതു*കൊണ്ടാണ്* യേശു വന്നത്. അതേസമയം, സുവിശേഷത്തോട് പ്രതികരിക്കുവാനുള്ള അവസരം ലഭിച്ചിട്ട് നിഷേധിക്കുന്നതിൽ വ്യത്യാസമുണ്ട്! [17]തോമസ് എഫ്. ടോറൻസ്, *ദ അപോകാലിപ്സ് ടുഡെ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1959), 96. [18]എച്ച്. എൽ. എലിസൺ, *1 പീറ്റർ – റെവലേഷൻ*, സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 71. [19]റൂബെൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ, 20 ത് സെഞ്ചുറി ക്രിസ്ത്യൻ ഫൗണ്ടേഷൻ, 1983), 87. [20]"വീണു" എന്നത് ആവർത്തിച്ചിരിക്കുന്നത്, പ്രസ്താവനക്ക് ഊന്നൽ കൊടുക്കുവാനാണ്, മുൻപ് പറഞ്ഞത് *തീർച്ച*യാക്കുകയാണ്.

[21]മഹതിയാം ബാബിലോണിനെ കുറിച്ച് കൂടുതൽ അറിയുവാൻ ഈ പാഠത്തിൽ പിന്നീട് വരുന്ന "ബാബിലോൺ നിങ്ങളെ വഴി തെറ്റിക്കുവാൻ ശ്രമിക്കുന്നു" എന്ന പാഠം നോക്കുക. [22]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 273. [23]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവലേഷൻ: ടൈമിലി മെസേജസ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 79. [24]കെജെവിയിൽ "നഗരം" എന്ന വാക്ക് ചേർത്തിരിക്കുന്നു, കയ്യെഴുത്തുപ്രതിയിൽ "നഗരം" എന്ന വാക്കിന് ആ വാക്യത്തിൽ തെളിവില്ല, പക്ഷെ 17:18-ൽ ബാബിലോണിനെ "ഭൂരാജാക്കന്മാർ വാഴുന്ന മഹാ നഗരം" എന്നു വിശേഷിപ്പിച്ചിരിക്കുന്നു. [25]ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന "പാഷൻ" എന്നതു മിക്ക തർജിമകളിലും "ക്രോധം" എന്നാണ് (കെജെവി നോക്കുക). [26]"ദുർന്നടപ്പ്" എന്നത് തർജിമ ചെയ്ത വാക്കാണ് "പരസംഗം" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത് (കെജെവി നോക്കുക). [27]റോമാ നഗരത്തെയാണ് ആലങ്കാരികമായി "ബാബിലോൻ" എന്നു പറഞ്ഞിരിക്കുന്നതെന്ന്, ആദ്യമായും ഏറ്റവും പ്രധാനവുമായി, നാം നമ്മുടെ പഠനത്തിൽ പല പ്രാവശ്യം പറയുകയുണ്ടായി (17:9, 18); എന്നാൽ നാം കാണുവാൻ പോകുന്നതുപോ

ലെ, എന്നാൽ ആലങ്കാരികമായി അവൾ അതി*ലധിക*മാണ്. [28]അദ്ധ്യായം 18-ൽ ബാബിലോണിന്റെ വീഴ്ച്ച വിശദമാക്കുന്നു. [29]പുരാതന ബാബിലോണിന്റെ പതന ത്തെ കുറിച്ച്, അത് സംഭവിക്കുന്നതിനുമുൻപ് സംഭവിച്ചതുപോലെയാണ് യെശയ്യാവ് പറഞ്ഞത് (യെശയ്യാവ് 21:9) ഈ ആലങ്കാരിക പ്രയോഗത്തെ "പ്രൊലെപ്സിസ്" എന്നു പറയുന്നു. [30]ജോൺ റിസേ, "ഈവിൾ ബീസ്റ്റ്സ് ആന്റ് വിക്ടോറിയസ് ലാമ്പ്," സെർമൺ പ്രീച്ച്ഡ് അറ്റ് ദ സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സ്, 5 മേയ്, 1991.

[31]"നല്ല വാർത്തയും മോശമായ വാർത്തയും" എന്ന വിഷയം എനിക്ക് തോന്നിയ താണ്, എന്നാൽ റോബർട്ട് മുതോളന്റ് മൂന്നാമത് ഒരു പോയിന്റ് നൽകിയത് എനിക്ക് ഇഷ്ടമായി: "നിങ്ങൾ തിരഞ്ഞെടുക്കുക" (എം റോബർട്ട് മുതോളന്റ് ജൂനിയർ., *റെവ ലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്*. ഫ്രാൻസിസ് ആസ്ബറി പ്രസ് കമെന്ററി, ജെന. എഡി., എം. റോബർട്ട് മുതോളന്റ് ജൂനിയർ., [ഗ്രാന്റ് റാപ്പി ഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990], 244). [32]വാക്യം 9-ൽ "എങ്കിൽ" എന്നതു സൂചിപ്പിക്കുന്നത് തിരഞ്ഞെടുക്കുവാനുള്ള അവസരമാണ്. [33]ശിക്ഷയെ സൂചിപ്പിക്കുന്നതാണ് ബൈബിളിൽ ക്രോധ മദ്യം കുടിപ്പിക്കുന്നത് എന്ന് പറയുന്നത് (യെശയ്യാവ് 51:17; യിരെമ്യാവ് 25:15; സങ്കീർത്തനങ്ങൾ 75:8 ഉം മത്തായി 20:22; 26:39 ഉം നോക്കുക). [34]വീഞ്ഞ് ഇവിടെ സൂചിപ്പിക്കുന്നത് "മുഴുവൻ ശക്തിയെയാണ്" എന്ന് ചിലർ കരുതുന്നു (ചില തർജിമകളിൽ "കലർപ്പില്ലാത്ത" അല്ലെങ്കിൽ "മായമില്ലാത്ത" എന്നാണ്) യോഹന്നാന്റെ കാലത്ത് മേശയിൽ വിളമ്പിയിരുന്ന വീഞ്ഞ് വെള്ളം ചേർത്ത് വീര്യം കുറച്ചാണ് ഉപയോഗിച്ചിരുന്നത്. സാധാരണ ഒരു പാത്രം വീഞ്ഞിനു ആറു പാത്രം വെള്ളമാണ് ചേർത്തിരുന്നത്. [35]"പഴയ സൾഫറിനു വേണ്ടി ഉപയോ ഗിച്ചിരിക്കുന്നതാണ് ഗന്ധകം, അതു കെടുത്തുവാൻ പ്രയാസമാണ്, അടുക്കാൻ പ റ്റാത്ത ജ്വാലയാണ് അതിനുള്ളത്." (ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ് ദ ബുക്ക് ഓഫ് റെവലേഷൻ* [നാഷിലേ: അബിങ്ടൺ പ്രസ്, 1993], 78). [36]ശിക്ഷ മറ്റുള്ളവരുടെ മുൻപിൽ വെച്ചാവുമ്പോൾ, വേദന കൂടുതലായിരിക്കും (ഉദാഹരണത്തിന്, മറ്റുള്ളവരുടെ മുൻപിൻ വെച്ച് കുട്ടികളെ ശിക്ഷിക്കുന്നത് അവർക്ക് ഇഷ്ടമല്ല). തന്നെ തള്ളിപ്പറയുന്നവരെ ദൂതന്മാരുടെ മുൻപിൽ തള്ളിപ്പറയും എന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 12:9; മർക്കൊസ് 8:38 നോക്കുക). ചിലർ വിചാരിക്കു ന്നതുപോലെ - ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിൽ യേശുവും ദൂതന്മാരും *സന്തോഷി* ക്കുമെന്ന് ആ വാക്യത്തിലില്ല. [37]യേശുവിന്റെ സന്നിധിയിലുള്ള ശിക്ഷയായതുകൊ ണ്ട്, 14:9-11 പാപത്തിനുള്ള *നിത്യമായ* ശിക്ഷയല്ല, നിത്യമായ ശിക്ഷ ദൈവത്തിന്റെ സന്നിധാനം *വിട്ടകന്നായിരിക്കും* (2 തെസലൊനിക്യർ 1:7-9; കൂടാതെ വെളിപ്പാട് 21:27; 22:14, 15 നോക്കുക) എന്നാണ് ചിലർ വിചാരിക്കുന്നത്. അത് ശരിയായിരിക്കാം. എന്നാൽ 14:11 തീർച്ചയായും നിത്യശിക്ഷാവിധിയെയാണ് *സൂചിപ്പിക്കുന്നത്*. അത് ഒരു ദർശനമാണ് എന്നോർക്കുക. അത് നിത്യ ശിക്ഷാവിധിയല്ലെങ്കിൽ, തീർച്ചയായും *പ്ര ത്യേകത*യുള്ളതു തന്നെയാണ്. [38]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1951), 181. [39]കൂടാതെ മത്തായി 25:30; ലൂക്കൊസ് 16:23 നോക്കുക. ആരെങ്കിലും യേശുവിനെ "ഉപ-ക്രിസ്ത്യാനി" എന്നു പറയുമോ? [40]ദൈവത്തിന്റെ മന്ദിരമായ ശരീരത്തെ വികലമാക്കുന്നതിനെ കുറിച്ചായിരുന്നില്ല യേശു പഠിപ്പിച്ചത് (1 കൊരിന്ത്യർ 6:19, 20) മറിച്ച് നമ്മെ നഷ്ടപ്പെടുത്തുന്ന എന്തെങ്കിലും നമ്മുടെ ശരീ രത്തിലുണ്ടെങ്കിൽ, അതിനെ നീക്കം ചെയ്യണമെന്നാണ്.

[41]ഇത് എടുത്തിരിക്കുന്നത് ഡേവിഡ് എഫ്. ബർഗസ്, കോമ്പ്., *എൻസൈക്ലോപീ ഡിയ ഓഫ് സെർമൺ ഇല്ലസ്ട്രേഷൻസ്* (സെന്റ് ലൂയിസ്, മോ.: കൺകോഡിയ

പബ്ലിഷിങ്ങ് ഹൗസ്, 1988), 99. [42]ഇത് 13:10 ലെ ഒരു പ്രയോഗം ആവർത്തിച്ച് വിപുലപ്പെടുത്തിയതാണ്. എൻഏഎസ്ബിയിൽ അക്ഷരിക തർജിമയാണ്: "ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതക്ക് ആവശ്യം" ഇത് സഹിഷ്ണുതക്കുള്ള ആഹ്വാനമാണ്. അത് ഒരു കൽപനയാക്കുവാൻ പല വ്യാഖ്യാതാക്കളും തർജിമക്കാരും വാക്കുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്: "ഇവിടെ സഹിഷ്ണുതക്കുള്ള ക്ഷണമാണ്." "ഇവിടെ സഹിഷ്ണുതക്കുള്ള കൽപനയാണ്." ഏതുവിധത്തിൽ വ്യാഖ്യാനിച്ചാലും, അത് വിശ്വസ്തതക്കുള്ള പ്രബോധനമാണ്, ഈ പുസ്തകത്തിൽ ആദ്യം വന്ന 13:10 ന്റെ കുറിപ്പ് നോക്കുക. [43]ആ വാക്കുകൾ എഴുതിയപ്പോൾ, അതിന് പ്രത്യേക സൂചനയുണ്ടായിരുന്നു: "ചക്രവർത്തിയുടെ കൽപനകൾ അനുസരിക്കുന്നതിനുപകരം, *ദൈവത്തിന്റെ കൽപനകൾ അനുസരിക്കുകയും*, ചക്രവർത്തിയുടെ പ്രതിമക്ക് മുമ്പിൽ യേശുവിനെ തള്ളിപ്പറയുന്നതിനു പകരം *അവനെ വിശ്വസിക്കുകയും ചെയ്യുക*." [44]സംസാരിക്കുന്നത് ആരാണെന്ന് പറയുന്നില്ല, ഒന്നുകിൽ ദൈവം അല്ലെങ്കിൽ ദൈവത്തിനുവേണ്ടി ആരോ സംസാരിക്കുന്നു എന്നു ഊഹിക്കാം. [45]യോഹന്നാനോട് ചിലത് എഴുതുവാനും (1:11, 19; 2:1, 8, 12, 18; 3:1, 7, 14) മറ്റു ചിലത് എഴുതരുത് എന്നും പറഞ്ഞിരുന്നു (10:4). ഓരോ സമയത്തും "എഴുതുക" എന്ന കൽപന ഉള്ളതുകൊണ്ട് പറയുന്ന കാര്യം പ്രാധാന്യമുള്ളതാണ് എന്നർത്ഥം (കൂടാതെ 19:9 ഉം 21:5 ഉം നോക്കുക). [46]"ഇന്നുമുതൽ" എന്ന പ്രയോഗം അല്പം ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് ആ പ്രയോഗം വാചകത്തിന്റെ എവിടെ വരണം, അതെന്താണ് പരിഷ്ക്കരിക്കുന്നത് എന്ന ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. (പല ആധുനിക തർജിമകളും നോക്കുക.) ഒരുപക്ഷെ ആ പ്രയോഗം പറയുന്നത്, വാക്യം 13 നു മുൻപു മരിച്ചവർ ഭാഗ്യവാന്മാര*ല്ല* എന്നായിരിക്കാം. ഭാവിയിൽ കഷ്ടമേറ്റു മരിക്കുവാനിരിക്കുന്നവർ വിഷമിക്കേണ്ട, *കാരണം* അവർ അനുഗ്രഹിക്കപ്പെടും. [47]ഇത് ഊന്നി പറയുന്ന പ്രസ്താവനയാണ്. എന്റെ പ്രദേശത്ത് ആ ആശയം വ്യക്തമാക്കുന്നതാണ്, "അതെ തീർച്ചയായും." [48]കെജെവിയിൽ "അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരും" എന്നാണ്, എന്നാൽ മൂലഗ്രന്ഥത്തിൽ ഭാഗമായി "കൂടെ" എന്ന പ്രിപൊസിഷനുണ്ട്. തന്റെ സേവനത്തിനായി അവർ ചെയ്തത്, അല്ലെങ്കിൽ, തന്റെ നാമത്തിനായി അവർ സഹിക്കേണ്ടി വന്നതും കർത്താവ് മറക്കുകയില്ല (1 കൊരിന്ത്യർ 15:58 നോക്കുക), ഒരു ഗ്ലാസ് വെള്ളം കോടുത്താൽ പോലും മറക്കുകയില്ല (മത്തായി 10:42)! [49]വെളിപ്പാടിലെ ആദ്യ മനോഗുണം കാണുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവേ, എത്രത്തോളം" എന്ന പാഠത്തിലെ 1:3 ന്റെ കുറിപ്പുകൾ നോക്കുക. [50]ജോർജ് എൽഡൻ ലാഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 198. അതേ വാക്ക് തന്നെയാണ് 2:2 ലെ "പ്രവൃത്തി" എന്നതിനും ഉപയോഗിച്ചത്.

[51]സമ്മേഴ്സ്, 182. "വിശ്രമം" എന്നു പറഞ്ഞിരിക്കുന്നത് "ജോലി നിർത്തുന്നതല്ല," പിന്നെയോ ഉന്മേഷം പ്രാപിക്കലാണ്. അപ്പോഴും നാം ദൈവത്തെ സേവിക്കും. [52]രഹസ്യമായ തീയ്യതിക്ക് സൈന്യത്തിൽ ഉപയോഗിച്ചിരുന്ന വാക്കാണ് ഡി-ഡെ എന്നത് ("ഡി" "അറിയപ്പെടാത്ത തീയതിയാണ്"), അന്നാണ് സൈനിക നടപടി തുടങ്ങേണ്ടത്. വാസ്തവത്തിലുള്ള തീയതിക്ക് പകരം ഈ തീയതിയാണ് അവർ ഒരുങ്ങേണ്ടത് - ഉദാഹരണത്തിന്, "ഡി-പ്ലസ്-3" (ആരംഭ ആക്രമണശേഷം മൂന്നു ദിവസം കഴിഞ്ഞ്). ഏറ്റവും പ്രസിദ്ധമായ ഡി-ഡെ ആണ് ഫ്രാൻസിലെ നോർമണ്ടി. ഒരു നിയമമായി, ആ സാഹചര്യത്തിലാണ് ആ വാക്ക് ഉപയോഗിക്കുന്നത്. [53]ക്വോട്ടഡ് ഇൻ ബർഗസ്, 177.

## ചർച്ചക്കും പുനരവലോകനത്തിനും ഉള്ള ചോദ്യങ്ങൾ

1. "സുവിശേഷം" എന്ന വാക്കിന്റെ അർത്ഥം എന്താണ്? ആദ്യ ദൂതന്റെ സന്ദേശം ഏതർത്ഥത്തിലാണ് "സുവാർത്ത" ആകുന്നത്?
2. പുരാതന ബാബിലോനെ കുറിച്ച് ബൈബിൾ പറയുന്നത് വിവരിക്കുക. "മഹതിയാം ബാബിലോൻ" എന്നറിയപ്പെടുന്ന മെസൊപ്പൊത്തോമ്യയ യിലെ നഗരത്തിന്റെ ചില പ്രത്യേക സ്വഭാവങ്ങൾ എവ?
3. സർപ്പത്തിന്റെ മൂന്നുസഹപ്രവർത്തകർ (അദ്ധ്യായം 13 ലും 14 ലും ഉള്ള) ആരെല്ലാമെന്നും അവർ എങ്ങനെ ദൈവത്തെ അനുസരിക്കാതിരിക്കു വാൻ പരീക്ഷിക്കപ്പെടുമെന്നും പറയുക.
4. സംഭവിക്കുന്നതിനു മുൻപ് തന്നെ "മഹതിയാം ബാബിലോൻ വീണു *പോയി*" എന്ന് രണ്ടാമത്തെ ദൂതൻ പറയുവാൻ കാരണം എന്ത്?
5. മൃഗത്തെ ആരാധിക്കുന്നതിന്റെ ഹ്രസ്വ-കാല ഫലങ്ങൾ ഏവ? മൃഗത്തെ ആരാധിക്കുന്നതു നിരസിച്ചാലുണ്ടാകുന്ന ഹ്രസ്വ-ഫലങ്ങൾ ഏവ?
6. മൃഗത്തെ നമസ്ക്കരിച്ചാലുണ്ടാകുന്ന ദീർഘ-കാല ഫലങ്ങൾ ഏവ? കർത്താവിൽ വിശ്വസ്തമായി ജീവിച്ചാലുണ്ടാകുന്ന ദീർഘ-കാല ഫലങ്ങൾ ഏവ?
7. ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനെ കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്? ഉപയോഗിച്ചിരിക്കുന്ന വാക്കുകളോട് നിങ്ങളുടെ പ്രതികരണം എന്താണ്?
8. "കർത്താവിൽ" എന്ന പ്രയോഗത്തിന്റെ അർത്ഥം എന്താണ്? "കർത്താവിൽ മരിക്കുക" എന്നാൽ എന്താണ് അർത്ഥം?
9. "കർത്താവിൽ മരിക്കുന്നവർ" ഏത് വിധത്തിലാണ് അനുഗ്രഹിക്കപ്പെടുന്നത്?
10. "പ്രവൃത്തി നിർത്തുക" എന്നാണോ 14:13 ലെ "വിശ്രമം" അർത്ഥമാക്കുന്നത്? ഏതർത്ഥത്തിലാണ് സ്വർഗത്തിൽ നാം "വിശ്രമിക്കുന്നത്"?
11. കർത്താവ*ിൽ* മരിക്കുന്നതും കർത്താവിന് *പുറത്തു* മരിക്കുന്നതും വിവരിക്കുക. നിങ്ങൾ എങ്ങനെ മരിക്കുവാനാണ് ആഗ്രഹിക്കുന്നത്?



ദൂതൻ ആകാശ–മദ്ധ്യേ പറക്കുന്നു (14:6)